**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5923

08.07.2013 ൽ
മറുപടി നൽകേണ്ടത്

## സിവിൽ സർവ്വീസ് പരീക്ഷകളിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനം

**ചോദ്യം**

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

**മറുപടി**

**ശ്രീ. പി. കെ. അബ്ദു റബ്ബ്**
**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | |
|---|---|
| എ) സിവിൽ സർവ്വീസ് പരീക്ഷയിൽ ഈ വർഷം സംസ്ഥാനത്ത് നിന്ന് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ വിജയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) സിവിൽ സർവ്വീസ് അക്കാഡമിയിൽ പരിശീലനം നേടിയ ഒരു കുട്ടി വിജയിച്ചിട്ടുണ്ട്. മറ്റു വിശാദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| ബി) സിവിൽ സർവ്വീസ് പരീക്ഷയിൽ സംസ്ഥാനത്ത് ആകെ വിജയിച്ചവർ എത്രയാണ്; അഖിലേന്ത്യാ തലത്തിലുള്ള വിജയികൾ എത്രയാണ് അതിൽ എത്ര ന്യൂനപക്ഷങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഔദ്യോഗികമായി ലഭിച്ചിട്ടില്ല. അവ ശേഖരിച്ച് ലഭ്യമാക്കുന്നതാണ് |
| സി) സിവിൽ സർവ്വീസ് പരീക്ഷകളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വിജയം കൈവരിക്കുന്നതിന് ആവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് ന്യൂനപക്ഷ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | സി) മലബാർ മേഖലയിലെ ന്യൂനപക്ഷ സമുദായത്തിലെ കുട്ടികളെ മൽസര പരീക്ഷയെഴുതുവാൻ പ്രാപ്തരാക്കുവാൻ വേണ്ടി പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്റർ കുട്ടികൾക്ക് സിവിൽ സർവ്വീസ് പ്രിലിമിനറി, മെയിൻ പരീക്ഷാ എന്നിവയിൽ പരിശീലനം നൽകി വരുന്നു. കൂടാതെ സിവിൽ സർവീസ് പരീക്ഷയ്ക്ക് വേണ്ടുന്ന അടിസ്ഥാന വിഷയങ്ങൾ ഉൾക്കൊള്ളിച്ച് സിവിൽ സർവീസ് ഫൗണ്ടേഷൻ, ടാലന്റ് ഡെവലപ്മെന്റ് എന്നീ കോഴ്സുകളും നടത്തിവരുന്നു. ജി ഒ(ആർ റ്റി) 1488/2010/ഉ.വി.വ തീയതി 26.7.2010 പ്രകാരം ടി സ്ഥാപനത്തിലെ കോഴ്സുകളിൽ മുപ്പത് സീറ്റുകൾ മുസ്ലീം സമുദായത്തിനു വേണ്ടി സംവരണം ചെയ്തിട്ടുണ്ട്. ടി വിദ്യാർത്ഥികളുടെ കോഴ്സ് ഫീസ് ന്യൂനപക്ഷ ക്ഷേമവകുപ്പാണ് വഹിക്കുന്നത്. |
| ഡി) പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുന്നതിന് അർഹരായ ന്യൂനപക്ഷങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ? | ഡി) അപേക്ഷകരുടെ മെരിറ്റിന്റെ അടിസ്ഥാനത്തിലാണ് അർഹരായ ന്യൂനപക്ഷക്കാരെ കണ്ടെത്തുന്നത് |

സെക്ഷൻ ഓഫീസർ